പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7984 16.07.2014 ലെ മറുപടിയ്ക്ക്

## കെ. എസ്. എഫ്. ഇ. വായ്പാ നടപടിക്രമങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : | ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) കെ.എസ്.എഫ്.ഇ. കൊള്ളപ്പലിശയാണ് ഈടാക്കുന്നതെന്ന വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) കെ.എസ്.എഫ്.ഇ. കൊള്ളപ്പലിശ ഈടാക്കുന്നില്ല. റിസർവ്വ് ബാങ്കിന്റേയും സംസ്ഥാന സർക്കാരിന്റേയും നിബന്ധനകൾക്കനുസരിച്ചുള്ള പലിശ മാത്രമേ ഈടാക്കുന്നുള്ളൂ. |
| (ബി) കെ.എസ്.എഫ്.ഇ.യിൽ നിന്നും വായ്പ ലഭിക്കുന്നതിനും ചിട്ടികൾ കരസ്ഥമാക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ച് സാധാരണക്കാർക്ക് കൂടുതൽ സഹായം നല്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തയ്യാറാകുമോ ? | (ബി) കെ.എസ്.എഫ്.ഇ.യിൽ നിന്നും വായ്പ അനുവദിക്കുന്ന തിനും ചിട്ടിത്തുക ലഭ്യമാക്കുന്ന തിനുമുള്ള നടപടി ക്രമങ്ങൾ കാലാകാലങ്ങളിൽ പരിശോധിച്ച് ലഘൂകരിക്കാറുണ്ട്. ചിട്ടിപണം കൈപറ്റുമ്പോൾ ഭാവിയിലടക്കാനുള്ള തുകയ്ക്കുള്ള ആൾ ജാമ്യ പരിധി 2012 ഏപ്രിൽ മുതൽ 5 ലക്ഷം രൂപയിൽ നിന്നും 10 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. വസ്തു ജാമ്യ പരിധി 1 കോടി രൂപയിൽ നിന്നും 2.5 കോടി രൂപയായി വർദ്ധിപ്പിച്ചു. സ്വർണ്ണപ്പണയവായ്പ 3 ലക്ഷം രൂപയിൽ നിന്നും 25 ലക്ഷം രൂപയായും വ്യക്തിഗത വായ്പ 10 ലക്ഷം രൂപയിൽ നിന്നും 15 ലക്ഷം രൂപയായും കൺസ്യൂമർ ലോൺ10 ലക്ഷം രൂപയിൽ നിന്നും 15 ലക്ഷം രൂപയായും ഭവന വായ്പ 25 ലക്ഷം രൂപയിൽ നിന്നും 50 ലക്ഷം രൂപയായും ചിട്ടി വായ്പ 25 ലക്ഷം രൂപയിൽ നിന്നും 75 ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. സുഗമ അക്ഷയ ഓവർ ഡ്രാഫ്റ്റ് 1 ലക്ഷം രൂപയിൽ നിന്നും പരമാവധി 2 ലക്ഷം രൂപയാക്കിയിട്ടുണ്ട്. ബ്രാഞ്ചു തലത്തിലും റീജിണൽ ഓഫീസ് തലത്തിലും അനുവദിക്കാവുന്ന ചിട്ടി / വായ്പ തുകയുടെ പരിധി യിലും വർദ്ധനവ് വരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.